# പിൻമാറ്റം സംഭവിച്ച അഞ്ച് ദൂതൻമാരിൽനിന്നും അവരുടെ സഭയിൽ നിന്നും ലഭിക്കുന്ന മുന്നറിയിപ്പ്

സാക് പുന്നൻ

WFTW 27 ഏപ്രിൽ 2014

വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽ കർത്താവിനാൽ ശാസിക്കപ്പെടുന്ന 5 ദൂതൻമാരെയും സഭകളെയും നോക്കുമ്പോൾ അവരിൽ നാം കാണുന്നത് കൃത്യമായി താഴോട്ടുള്ള പ്രവണതാണ്.

1) എഫസൊസിൽ, കർത്താവിനോടുള്ള ആദ്യസ്നേഹത്തിന്റെ നഷ്ടമാണ് നാം കാണുന്നത്. ക്രിസ്തുവിനോടുള്ള ഭക്തി നഷ്ടപ്പെടുമ്പോൾ താഴോട്ടുള്ള ആദ്യത്തെ ചുവടു നാം വയ്ക്കുന്നു. അല്പസമയത്തിനുള്ളിൽ, ഇത് നമ്മുടെ സഹവിശ്വാസികളോടുള്ള സ്നേഹം നമുക്കു നഷ്ടമാകുന്നതിലേക്കു നയിക്കുന്നു.

2) പെർഗമോസിൽ, ബിലെയാമിന്റെ ഉപദേശത്തിലൂടെ ലൌകീകത സഭയിലേക്ക് നുഴഞ്ഞ് കടന്നിരിക്കുന്നതായാണ് നാം കാണുന്നത്. നിക്കൊലാവ്യർക്ക് (അവർ എഫസൊസിലെ സഭയിൽനിന്നു പുറത്താക്കപ്പെട്ടിരുന്നു). ഇപ്പോൾ ഇവിടെ അധികാരം ലഭിച്ചിരിക്കുന്നു. ക്രിസ്തുവിനോടുള്ള ഏകാഗ്രത നഷ്ടപ്പെടുമ്പോൾ, ലൌകീകത സഭയ്ക്കുള്ളിലേക്ക് നുഴഞ്ഞുകയറുകയും മതപരമായ ഒരു അധികാരശ്രേണി സഭയെ കയ്യടക്കുകയും ചെയ്യുന്നു. ഒരിക്കൽ മതപരമായ ഒരു അധികാരശ്രേണി സഭയുടെ നേതൃത്വത്തെ കയ്യടക്കിയാൽ പിന്നെ എളുപ്പത്തിൽ ബാബിലോൺ പണിയപ്പെടുന്നു.

3) തുയഥൈരയിൽ സഭ തീർത്തും ലൌകീകമായി തീർന്നിരിക്കുന്നു. അതിന്റെ ഫലമായി മതപരമായ വേശ്യാവൃത്തി നടമാടുന്നു. ഇപ്പോൾ ഒരു സ്ത്രീക്ക് സഭയെ സ്വാധീനിക്കുവാനുള്ള അധികാരമുണ്ട്. കൂടാതെ അവൾ വ്യാജകൃപയെ പ്രഘോഷിക്കുകയും ആത്മാവിന്റെ വരങ്ങളുടെപോലും (പ്രത്യേകിച്ച് പ്രചനത്തിന്റെ) കള്ളനാണയങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

4) സർദ്ദീസിൽ, നാം കാപട്യം കാണുന്നു. പാപം മറച്ചുവയ്ക്കുകയും മനുഷ്യന്റെ അഭിപ്രായത്തെ ദൈവത്തിന്റേതിനെക്കാൾ കൂടുതൽ വിലമതിക്കുകയും ചെയ്യുന്ന സഭയുടെ ദൂതൻ ആത്മീകമായി ഉറക്കത്തിലാണ് (ആത്മീയ യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബോധമില്ലാതെ). ഭക്തിയുടെ വേഷം, ഏതുവിധമായാലും, ഒരുവനിൽ കർത്താവു കാണുന്ന ആത്മീയ മരണത്തെ മനുഷ്യന്റെ കണ്ണുകളിൽനിന്ന് മറയ്ക്കുന്നു.

5) ലവോദിക്യയിൽ, ശരീരം മരിക്കുക മാത്രമല്ല ജീർണ്ണിക്കുവാനും ദുർഗന്ധം വമിക്കുവാനും തക്കവണ്ണം കാര്യങ്ങൾ അത്രമാത്രം അധഃപതിച്ചു. ശീതോഷ്ണാവസ്ഥയും ആത്മീയ നിഗളവുമാണു മരണത്തിനുള്ള കാരണങ്ങൾ. മുകളിൽ പറഞ്ഞ 4 സഭകളിലും കർത്താവിന് ഇപ്പോഴും അവരിൽ ചില നൻമകൾ കാണാൻ കഴിയുന്നണ്ട്. എന്നാൽ ലവോദിക്യയിൽ അവന് ഒന്നും കാണാൻ കഴിഞ്ഞില്ല.

മുകളിൽ പറഞ്ഞ സഭകളിലെ മൂപ്പൻമാർ ആരും അവരുടെ ജീവിതങ്ങളുടെയോ ആവരുടെ സഭകളുടെയോ യഥാർത്ഥ ആത്മീയ സ്ഥിതിയെക്കുറിച്ചുതന്നെ അവർക്കുള്ള ഉന്നതാഭിപ്രായത്താൽ സംതൃപ്തരായിരുന്നു. കർത്താവിന് അവരോട് വ്യക്തിപരമായി പറയാനുണ്ടായിരുന്ന കാര്യം കേൾക്കാൻ അവർക്കു കഴിഞ്ഞില്ല. കാരണം, അവർ എല്ലാവരും മറ്റുള്ളവരോട് പ്രസംഗിക്കാനുള്ള സന്ദേശങ്ങൾ തയ്യാറാക്കുന്ന തിരക്കിലായിരുന്നു. അവർ അവരുടെ സ്വന്ത ആവശ്യങ്ങൾ കാണുന്നിനെക്കാൾ കൂടുതൽ താൽപര്യപ്പെട്ടിരുന്നത് പ്രസംഗിക്കുന്നതിലായിരുന്നു. ഒരിക്കൽ ഒരു വ്യക്തി ഒരു സഭയുടെ ദൂതനായി കഴിഞ്ഞാൽ പിന്നെ അയാൾ സ്വയം തിരുത്തലുകൾക്കതീതനാണെന്ന് സങ്കല്പിക്കാൻ വളരെ എളുപ്പമാണ്. പ്രബോധനം കൈക്കൊള്ളാത്ത വൃദ്ധനും മൂഢനുമായ ഒരു രാജാവിനെക്കുറിച്ച് വേദപുസ്തകം പറയുന്നുണ്ട് (സഭാപ്ര. 4:13).

ഈ അഞ്ചു സഭകളുടെയും ദൂതൻമാർ എല്ലാവരും ഈ മൂഢനായ രാജാവിനെപ്പോലെ ആയിരുന്നു. ഇപ്പോൾ ഏതെങ്കിലും കാര്യത്തിൽ തെറ്റിപ്പോയിരിക്കാനുള്ള സാധ്യതയെക്കുറിച്ച് അവർക്ക് സങ്കല്പിക്കാൻ പോലും കഴിയാത്തവിധത്തിൽ, വളരെ നാളുകളായിട്ട് അവരുടെ വാക്കുകൾ നിയമമായിരുന്നു. അത്രമാത്രമായിരുന്നു അവരുടെ വഞ്ചിക്കപ്പെട്ട അവസ്ഥ. അവർ ചിന്തിച്ചത് അവർക്ക് ഒരിക്കലും ദൈവത്തിന്റെ അഭിഷേകം അവരുടെ ജീവിതങ്ങളിൽനിന്ന് നഷ്ടപ്പെട്ടുപോകാൻ കഴിയുകയില്ല എന്നാണ്. അവരുടെ ആത്മീയ നിഗളമനോഭാവമാണ് അവരെ ആത്മീയമായി ബധിരരാക്കിത്തീർത്തത്.

ദൈവത്തിന് മുഖപക്ഷമില്ല, അവന് പ്രത്യേകമായ ഇഷ്ടൻമാരുമില്ല. ഒരു ശിക്ഷണമുള്ള ജീവിതം നയിക്കുന്ന കാര്യത്തിൽ ശ്രദ്ധാലുവല്ലെങ്കിൽ താൻ വീണുപോകാനും അയോഗ്യനാക്കപ്പെടുവാനുമുള്ള സാധ്യതയുണ്ടെന്ന് അപ്പൊസ്തലനായ പൌലൊസ് പോലും മനസ്സിലാക്കി ( 1 കൊരി. 9:27). പൌലൊസ് തിമൊഥയോസിനോടു പറഞ്ഞു "നിന്നെ തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക, ഇതിൽ ഉറച്ചു നിൽക്ക, അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും'' (1 തിമൊ. 4:16). തിമൊഥയോസിന് ഒന്നാമതായി അവന്റെ സ്വന്തം ജീവിതത്തെ തന്നെ സൂക്ഷിക്കേണ്ടിയ ആവശ്യമുണ്ടായിരുന്നു. അപ്പോൾ അവന് തന്റെ ജീവിതത്തിൽ ക്രിസ്തുവിനോട് അനുരൂപമല്ലാത്ത കാര്യങ്ങളിൽ നിന്ന് രക്ഷ അനുഭവിക്കാൻ സാധിക്കുകയും അങ്ങനെ മറ്റുള്ളവരെയും അപ്രകാരമുള്ള ഒരു രക്ഷയിലേക്കു നയിക്കുവാൻ പ്രാപ്തനാക്കുകയും ചെയ്യും. ഏതൊരു സഭയിലുമുള്ള ദൂതൻമാർക്കും കർത്താവു നിയമിച്ചിരുന്ന മാർഗ്ഗം ഇതായിരുന്നു. പൌലൊസ് എഫസൊസിലുള്ള സഭയുടെ മൂപ്പൻമാരോടും, ആദ്യം അവരുടെ ജീവിതങ്ങളെയും പിന്നീട് അവരുടെ ആട്ടിൻ കൂട്ടത്തിന്റെ ജീവിതങ്ങളെയും സൂക്ഷിക്കുക എന്നു പറഞ്ഞു (അപ്പൊ.പ്ര. 20:28).

കർത്താവിന്റെ ഓരോ ദൂതന്റെയും ഉത്തരവാദിത്തം ഇതാണ് ആദ്യം അവന്റെ ജീവിതത്തെ നിർമലതയിലും ആത്മാവിന്റെ സ്ഥിരമായ അഭിഷേകത്തിലും സൂക്ഷിക്കുക. "നിന്റെ വസ്ത്രം എല്ലായ്പ്പോഴും വെള്ളയായിരിക്കട്ടെ; നിന്റെ തലയിൽ എണ്ണ കുറയാതിരിക്കട്ടെ'' (സഭാ പ്ര. 9:8).

(മൊഴിമാറ്റം: സാജു ജോസഫ്)